പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 282 12.12. 2014- ലെ മറുപടി

## ഗൾഫിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം

ചോദ്യം

ശ്രീ.സണ്ണി ജോസഫ്
ശ്രീ.എം.പി.വിൻസെന്റ്
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. ബെന്നി ബെഹനാൻ

എ) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമ സഹായം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

ബി)ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ;

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

എ & ബി) ഉണ്ട്. തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകി ജയിൽ മോചിതരാക്കി നാട്ടിലെത്തിക്കുക, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിലെ താമസത്തിനിടെ നിയമസഹായമാവശ്യമുള്ളവർക്ക് അത് യഥാസമയം ലഭ്യമാക്കുക, അഭയം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിന് ആവശ്യമായി വരുന്ന വാഹന ചെലവ് വഹിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് പ്രവാസി നിയമ സഹായ പദ്ധതി. നിയമസഹായം ആവശ്യമുള്ള വ്യക്തികൾ, അവരുടെ കുടുംബാംഗങ്ങൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. വിദേശരാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ ശ്രദ്ധയിൽപ്പെടുത്തുന്ന കേസുകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. നിബന്ധനകൾക്ക് വിധേയമായി ഒരു കേസിന് പരമാവധി 2 ലക്ഷം

രൂപയാണ് പദ്ധതി പ്രകാരം ധനസഹായത്തിനർഹതയുള്ളത്.

ചൂഷണങ്ങൾക്ക് ഇരയാകുന്ന പ്രവാസികൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി കൌൺസിലിംഗ്, മറ്റു പാരാലീഗൽ സർവ്വീസുകളായ പ്രമാണങ്ങൾ തയ്യാറാക്കൽ, വാദം നടത്തൽ, കരാറുകളുടെ പുനഃപരിശോധന, വ്യവഹാര നടപടികൾക്ക് സഹായം നൽകൽ, ഭാഷാ പരിവർത്തനം മുതലായസേവനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി ലക്ഷ്യമിടുന്നു.

| | |
|---|---|
| സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | സി) പ്രസ്തുത പദ്ധതി നോർക്ക വകുപ്പിന്റെ പദ്ധതി നിർവ്വഹണ ഏജൻസിയായ നോർക്ക – റൂട്ട്സ് മുഖേനയാണ് നടപ്പിലാക്കുന്നത്. നോർക്ക – റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശരാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങൾ, നയതന്ത്രകാര്യാലയങ്ങൾ നിർദ്ദേശിക്കുന്ന നിയമ വിദഗ്ധർ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും പ്രവാസികാര്യ മന്ത്രാലയത്തിന്റെയും സഹകരണവും അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ഡി)പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ? | ഡി) പദ്ധതി നടത്തിപ്പിന് നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ 4 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട് . അർഹരായവർക്ക് നിയമസഹായം ലഭ്യമാക്കുന്നതിന് വേണ്ട പ്രചാരണം നൽകുന്നതിനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ച് കഴിഞ്ഞു. പുതുക്കിയ |

നിബന്ധനകൾ പ്രകാരം സഹായത്തിന് അപേക്ഷിക്കുവാനുള്ള ഫോമിന്റെ മാതൃക നോർക്ക - റൂട്ട്സിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് ബന്ധപ്പെട്ട ഇന്ത്യൻ മിഷനുകളുമായി നോർക്ക വകുപ്പ് ബന്ധപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ